VIII റിപ്പോർട്ട് സമർപ്പണം

1. വിഷയനിർണ്ണയ സമിതി II-ന്റെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ 01-04-2014 മുതൽ 31-3-2015 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2. വിഷയ നിർണ്ണയ സമിതി III-ന്റെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും പ്രത്യേക റിപ്പോർട്ടും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ജലവിഭവം സംബന്ധിച്ച വിഷയ നിർണ്ണയ സമിതി III-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും നാഷണൽ രജിസ്റ്റർ ഓഫ് ലാർജ് ഡാംസ് എന്ന 63-ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന്മേൽ വിഷയ നിർണ്ണയ സമിതി III-ന്റെ അന്വേഷണം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടും സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

3. കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ ചട്ടം 235 (1)(iii) പ്രകാരമുള്ള റിപ്പോർട്ടുകളും സമിതിയുടെ അഖിലേന്ത്യാ പര്യടനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടും ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപവും

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ (ചട്ടം 235 (1)(iii)) പ്രകാരമുള്ള അന്യസംസ്ഥാന തൊഴിലാളി ക്ഷേമ പദ്ധതി എന്ന വിഷയത്തിന്മേൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടും സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം, ഐ.ടി.ഐ.-കൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റൽ എന്നീ വിഷയങ്ങളിന്മേൽ നടന്ന ചർച്ചയെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടും തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ട ആധുനിക സങ്കേതങ്ങൾ വിവിധ ഊർജ്ജാവശ്യങ്ങൾക്കായി സ്ഥാപിതമായ ഊർജ്ജ പദ്ധതികൾ എന്നിവയുടെ പഠനം സംബന്ധിച്ച് കർണ്ണാടക, മഹാരാഷ്ട്ര,

LIBRARY ARCHIVES Kerala Legislative Assembly